
# പ്രതിധ്വനി

## ജി . വി . എച്ച് . എസ് . എസ് മടിക്കൈ II



GVHSS MADIKAI-II

2026

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തെയും സ്പർശിക്കുന്ന ഈ കാലഘട്ടത്തിൽ, പഠനവും സൃഷ്ടിപരതയും ഒരുമിച്ച് കൈകോർക്കുന്ന ഒരു വേദിയാണ് ലിറ്റിൽ കൈറ്റ്സ്. ഡിജിറ്റൽ ലോകത്തിന്റെ അനന്തമായ സാധ്യതകൾ കുട്ടികളിലേക്ക് എത്തിക്കാനും, അവരുടെ കഴിവുകൾ കണ്ടെത്താനും വളർത്താനും സഹായിക്കുന്ന ഈ സംരംഭം നമ്മുടെ വിദ്യാഭ്യാസയാത്രയിലെ ഒരു അഭിമാന ചിഹ്നമാണ്. ഇന്ന് അറിവ് പുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. കോഡിംഗ്, ഗ്രാഫിക് ഡിസൈൻ, അനിമേഷൻ, ഡിജിറ്റൽ എഴുത്ത്, വീഡിയോ നിർമ്മാണം എന്നിവയിലൂടെ കുട്ടികൾ സ്വന്തം ആശയങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നു. ഈ ഡിജിറ്റൽ മാഗസിൻ അതിന്റെ മികച്ച ഉദാഹരണമാണ്. നമ്മുടെ വിദ്യാർത്ഥികളുടെ ചിന്തകളും സ്വപ്നങ്ങളും സൃഷ്ടികളും ഒരുമിച്ച് സംഗമിക്കുന്ന ഒരു ഡിജിറ്റൽ പേജാണിത്. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ സാങ്കേതിക വിദ്യ ഉപയോക്താക്കളായി മാത്രം അല്ല, സൃഷ്ടാക്കളായി മാറുകയാണ്. ടീം വർക്ക്, പ്രശ്നപരിഹാരം, വിമർശനാത്മക ചിന്ത എന്നീ മൂല്യങ്ങൾ ഇവരിൽ വളരുന്നു. ഇത് അവരുടെ ഭാവിക്ക് ഉറച്ച അടിത്തറയിടുന്നു.

ഈ മാഗസിനിലേക്ക് സംഭാവന നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ. നിങ്ങളുടെ പരിശ്രമവും ആവേശവുമാണ് ഈ സംരംഭത്തിന്റെ യഥാർത്ഥ ശക്തി. വായനക്കാരായ നിങ്ങൾക്കും ഈ ഡിജിറ്റൽ യാത്രയിൽ പങ്കുചേരാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

# എഡിറ്റോറിയൽ അംഗങ്ങൾ

- മാധവ് കൃഷ്ണ
- ശ്രാവൺ സന്തോഷ്
- അവനീത് കൃഷ്ണ
- അഭയ് പ്രശാന്ത്
- റന ഫാത്തിമ
- [illegible]



# ആശംസ

അറിവും സാങ്കേതികവിദ്യയും അതിവേഗം മുന്നേറുന്ന ഇന്നത്തെ കാലത്ത്, വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ കണ്ടെത്താനും വളർത്താനും സഹായിക്കുന്ന ലിറ്റിൽ കൈറ്റ്സ് പോലുള്ള പദ്ധതികൾ ഏറെ പ്രസക്തമാണ്. വിദ്യാഭ്യാസം പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങാതെ, ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകൾ കൂടി ചേർന്നാൽ പഠനം കൂടുതൽ ആസ്വാദ്യകരവും അർത്ഥവത്തുമായിത്തീരും. ഈ ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാർത്ഥികളുടെ ചിന്തകളുടെയും ആശയങ്ങളുടെയും സാങ്കേതിക മികവിന്റെയും മനോഹരമായ അവതരണമാണ്. ഈ സംരംഭം സഫലമാക്കാൻ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥികളെയും അവരെ നയിച്ച അധ്യാപകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ മാഗസിൻ എല്ലാവർക്കും പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സിനൊപ്പം പഠിച്ചും സൃഷ്ടിച്ചും ഭാവിയിലേക്ക് ഉയർന്ന് പറക്കട്ടെ നമ്മുടെ കുട്ടികൾ. എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

പദ്മനാഭൻ കെ വി
ഹെഡ്മാസ്റ്റർ : ജി. വി. എച്ച്. എസ്. എസ് മടിക്കൈ II

# വിഷയാനുക്രമണി


| | |
|---|---|
| പ്ലാസ്റ്റിക് - ഒരു ഭീകരൻ | വേദ കെ നായർ |
| അറിവിന്റെ വെളിച്ചം | ദേവനന്ദ T |
| വിലാസം | ശ്രീരേഖ ചന്ദ്രൻ |
| ഗാസയില ചുകന്ന റോസാപ്പൂക്കൾ | മയൂഖ മനോജ് .യു |
| മനുഷ്യനും പണവും | ശ്രീനന്ദൻ ആർ |
| തവള രാജാവ് | അൻവയ അനൂപ് |
| കുഞ്ഞു മനസ്സിൽ കള്ളമില്ല | അർജുൻ എം |
| കാട്ടിലെ  മൃഗങ്ങളുടെ ജീവിതം | അനുപം ഗോവിന്ദ് എ |
| കോലാഹല മാധുര്യം | ദേവപ്രിയ |
| മഴ | നവീൻ പ്രകാശ് ടി വി |
| വിപത്ത് | ഋത്വിക്ക് സജേഷ് |
| അറിവിന്റെ വെളിച്ചം | ദേവനന്ദ ടീ |
| ശലഭ കുഞ്ഞുങ്ങൾ | ശ്രീരേഖ ചന്ദ്രൻ |
| കനൽ വഴികളിൽ നിന്ന് | ശ്രീരേഖ ചന്ദ്രൻ |
| ദേവുവിന്റെ വിജയം | വൈഷ്ണ എസ് |
| സ്വപ്നമഴ | ആരാധ്യ കെ |
| പ്ലാസ്റ്റിക് | ശ്രീഷ്ണ കെ |

# പ്ലാസ്റ്റിക് – ഒരു ഭീകരൻ





വേദ കെ നായർ
6 A


ചിരിക്കുന്ന രൂപമായി
വർണ്ണങ്ങളാൽ പൊതിഞ്ഞ സൗന്ദര്യം
പിന്നിൽ മറഞ്ഞതോ മരണമുഖം
വിണ്ണിൽ മഴക്കാറുകൾ വന്നീടുമ്പോൾ
വെൺ മേഘങ്ങളെങ്ങോ മറഞ്ഞതു പോലെ.

പച്ചയാം പട്ടുവിരിച്ച ഭൂമിയിൽ
പ്ലാസ്റ്റിക് തൻ സൗന്ദര്യം വന്നിടുമ്പോൾ
മണ്ണിനും വിണ്ണിനും മാനവരാശിക്കും പതിയെ
നാശമൊരു അതിഥിയായ് വന്നീടുന്നു.

മണ്ണിൽ നശിക്കില്ല ചിതയിൽ ദഹിക്കില്ല
ജീവനെ മുറിക്കുന്ന നോവായി
ശേഷിപ്പൂ പ്ലാസ്റ്റിക് തൻ അടയാളങ്ങൾ.





# അറിവിന്റെ വെളിച്ചം



ദേവനന്ദ T

ഗുരുവാണ് വഴി കാട്ടി
അറിയാത്ത വഴികളിൽ
അറിവിൻ വെളിച്ചം തെളിയിച്ച്...
നമ്മെ മുന്നോട്ട് നയിച്ചു .
പുസ്തക താളിലെ അക്ഷരങ്ങൾ....
ജീവിതമായി മാറ്റി
ശരിയും തെറ്റും തിരിച്ചറിയാൻ
മൗനമായും പറഞ്ഞു...
തെറ്റിവീണ ഓരോ നിമിഷവും
കൈ നീട്ടി എഴുന്നേൽപ്പിച്ചു...
ശിക്ഷയല്ല സ്നേഹമാണ് ഗുരു
ആദ്യം പഠിപ്പിച്ചത്
സ്വപ്പ്നങ്ങൾ വലുതാകുമ്പോൾ
നാളെയിലേക്ക് നോക്കും....
നല്ലവരായി വളരാൻ
ഗുരുവിൻ്റെ വഴികളിൽ നടന്നു..

# വിലാസം



ശ്രീരേഖ ചന്ദ്രൻ

മെയിൻ ബോക്സ്സിന്റെ ചുവപ്പുരാശിയിൽ അവൾ അങ്ങനെ കണ്ണുംനട്ട് കിടക്കാൻ തുടങ്ങിയിട്ട് നേരമേറെയായി. അത് തുറന്ന് ആരെങ്കിലും അതിനുള്ളിൽ വീർപ്പു മുട്ടുന്ന അക്ഷരങ്ങളെ പുറത്തു വിട്ടിരുന്നെങ്കിലെന്നവളാശിച്ചു. ഉച്ചതിരിഞ്ഞ് പോസ്റ്റ്മാൻ വന്ന് പലമുറികളിലേക്കായുള്ള കത്തുകളൊക്കെ ആ ഒറ്റ പെട്ടിയിലിട്ടിട്ടു പോകുന്നതവൾ കണ്ടതാണ്. ഇനിയാവാച്ച്മാൻ അതെപ്പോഴെടുത്ത് മുറിക്കുള്ളിലെത്തിക്കാനാണ്

ഇന്നും കത്തെഴുതുന്ന മനുഷ്യരോ? രവിമാഷൊരിക്കൽ തന്നെ കാണാൻ വന്നപ്പോൾ ഇടയ്ക്കിടയ്ക്കരികിലെ നീല ഇൻലെന്റ് കണ്ട് അദ്ഭുതപ്പെട്ടതോർത്തുപോയി. വടിവൊത്ത ഇളംനീല മഷിയിൽ നിറഞ്ഞൊഴുകുന്ന വിശേഷങ്ങളുടെ പുഴ. ഇടയ്ക്കിടെ അല്ലാമാ ഇഖ്ബാലിന്റെ വരികൾ. ചിലപ്പോൾ ടാഗോറും, മുകുന്ദനും, പത്മനാദനും നിറയുന്ന വരികൾ.

അവിചാരിതമായി ഒരിക്കൽ കയ്യിൽ തടഞ്ഞ ഒരു പുസ്തകത്തിൽ നിന്നാണ് സകലതിന്റെയും തുടക്കം . വായനയ്ക്കൊടുവിൽ ഓരോ വരിയിലും സ്വയം കണ്ടെത്തിയതിന്റെ ആവേശത്താൽ പിൻതാളിലെവിടെയോ അച്ചടിച്ചു കണ്ട എഴുത്തുകാരന്റെ വിലാസത്തിലേക്കെഴുതവേ ഒറ്റപ്പെട്ടു പോയ ഒരുവളുടെ ജീവൻ നിലനിർത്തുന്ന മരുന്നുകളായി ഈ കത്തുകളുടെ പ്രാവാഹ മുണരുമെന്നവൾ ഒരിക്കലും നിനച്ചില്ല. .

നീലിച്ച വരികളിൽ പുതഞ്ഞു തണുത്ത കിടക്ക വിരികളും, മങ്ങിക്കത്തുന്ന വിളക്കുകളും മാത്രമുള്ള ആ ആശുപത്രി മുറിയിലേക്ക് താൻ പോലും മറന്നു തുടങ്ങിയ തന്റെ മേൽവിലാസം തേടി ആ നീല ഇൻലെന്റുകൾ എത്തുമെന്ന് അവൾ കരുതിയതേയില്ല.



കീമോയുടെ നീറ്റലുകൾക്കിടയിലും ജീവിച്ചിരിപ്പുണ്ടെന്നോർമ്മിപ്പിച്ചു കൊണ്ട് ആ നീലക്കവറെത്തവേ ഹൃദയം പെരുമ്പറക്കൊട്ടി സ്നേഹിക്കപ്പെടുന്നുവെന്ന് തെറ്റിദ്ധരിക്കാനെങ്കിലുമാകുന്നത് വല്ലാത്തൊരൂർജ്ജമാണ്. ഓരോ വരിയിലും നോവുകൾ മറച്ച് അവൾ കവിത നിറച്ചു . മുടങ്ങാതെ അയാൾ അവൾക്ക് എഴുതി. രണ്ടു ദിക്കുകളിൽ ജീവിക്കുന്ന , പരസ്പരം കാണാത്ത, വാക്കുകൾക്കൊണ്ടു മാത്രമടുത്ത രണ്ടു പേർ. അയാളുടെ ഒടുവിലത്തെ കത്ത് ആ കിടയ്ക്കയ്ക്കരികെ വാച്ച്മാൻ വയ്ക്കവേ രവിമാഷ് പറഞ്ഞു. " ഇതുകൂടി അവളുടെ പെട്ടിയിൽ വയ്ക്കണം . ഇനി ഈ വിലാസത്തിലേക്ക് എഴുതേണ്ടതില്ലെന്നു ആ വിലാസത്തിൽ ഒന്ന് അറിയിക്കണം " ഇനിയെഴുതേണ്ട വിലാസം ഈ കിഴവനത്ര നിശ്ചയമില്ല.

# ഗാസയില ചുകന്ന റോസാപ്പൂക്കൾ



- മയൂഖ മനോജ് . യു


ഏതുനേരവും രക്തക്കളമായേക്കാവുന്ന
പതുക്കൻ പാതകളിലൂടെ ചുവന്ന
റോസാപ്പൂക്കളെ കണ്ടാസ്വദിക്കാൻ
അമ്മയുടെ തോഴിയായ് അവളെന്നും
പോയിരുന്നു. സന്ധ്യയിൽ ചെമ്പട്ടു
പുതച്ചുനിന്ന സൂര്യകിരണങ്ങളെ
അവൾ തലോട്ടിയിരുന്നു. അന്ന് മാനം വേഗം ഇരുണ്ടു.
പെട്ടെന്ന്, ഇരുട്ടിയ മാനത്തുനിന്നും.
വെടിയുണ്ടകളുടെ തേരോട്ടം...
ഇരുണ്ടു കൂടുന്ന പുകമറയിൽ അവൾ തന്റെ
അമ്മയെ തിരഞ്ഞു: അമ്മ ചലനമറ്റ
നൊമ്പരമായി തന്റെ കൽക്കീഴിൽ...
അവൾ അമ്മതൻ നെറ്റിയിൽ
അന്ത്യചുംബനം നൽകവേ...
അവളും കരിഞ്ഞ റോസാപ്പൂവിതളുകളിൽ
ചോരപടർത്തിയ നോവായിത്തീർന്നു...
ഗാസ കറുത്തിരുണ്ടു..!

# മനുഷ്യനും പണവും



ശ്രീനന്ദനൻ ആർ
9C

അവസാനത്തെ മരവും വെട്ടിവീഴ്ത്തുമ്പോൾ
ഒട്ടുമിക്ക മത്സ്യത്തെയും ഭക്ഷിച്ചു തീർക്കുമ്പോൾ
അവശേഷിക്കുന്ന അരുവിയിലും വിഷം കലക്കി കഴിയുമ്പോൾ
മാത്രമേ മനുഷ്യാ നീ തിരിച്ചറിയൂ...
പണം തിന്ന് വിശപ്പടക്കാനാവില്ലെന്ന്.
ആകാശം പുകയാൽ മൂടിക്കഴിയുമ്പോൾ
ശ്വാസത്തിനായി കാറ്റുപോലും ഇല്ലാതാകുമ്പോൾ
പച്ചപ്പിൻ്റെ ഓർമ്മകൾ കരിഞ്ഞുണങ്ങുമ്പോൾ...
സ്വന്തം കുഴി തോണ്ടുകയായിരുന്നു നീ എന്ന് നീ തിരിച്ചറിയും.
ഭൂമിയുടെ വിലാപം കേൾക്കാത്തവനേ
വിണ്ണിലെ തണൽ തല്ലിക്കെടുത്തിയവനേ...
കയ്യിലുള്ള കനകത്തിന് ജീവൻ നൽകാനാവില്ലെന്നും
അന്ന് നീ വൈകി മാത്രം തിരിച്ചറിയും.





# കോലാഹല മാധുര്യം



ദേവപ്രിയ
6B

തൊടിയിലെ ഒരു പാർശ
ത്തിൽ വന്നിരുന്ന കരിയില
പ്പിടകൾ എന്തിനോവേണ്ടി
തിരഞ്ഞുകൊണ്ടിരിക്കുന്നു.

മണ്ണിൽനിന്ന് ഞാഞ്ഞൂലിനെ
കൊത്തി അധരത്തിൽ വെച്ച്
തമ്മിൽ കോലം വെക്കുന്നു.

കോലാഹലത്തിൽനിന്നും
മാധുര്യമുണ്ടാക്കിയവ
കോലാഹല മാധുര്യത്തിൽ
പമന്നു പോകുന്നു

# സ്വർഗമായി തീർന്ന സ്നേഹ മഴ



മേഘ്ന കെ വി
6 B

പച്ചയുടുപ്പിട്ട പ്രകൃതിയിൽ തുള്ളികളായി കോരിച്ചൊരിഞ്ഞു മഴ . കുളിർമയാൽ പുതച്ചുകൊണ്ട് ആനന്ദമായെൻ മനസ്സുനിറഞ്ഞു . ശാന്തമാം മനസ്സിൽ നിന്റെ രാവായി തിളങ്ങുന്ന പ്രകൃതി . വാടിനിന്ന വാടാർമല്ലി , മുല്ല എന്നിവ ദാഹത്താൽ തളർന്നു നിന്നപ്പോൾ കോരിച്ചൊരിഞ്ഞൊരാ കുളിർമഴ തിളക്കമാർന്ന തുള്ളികൾ ചെടികളിലേക്ക് വീണപ്പോൾ പുതുവർഷമായി തീർന്നു മനസ്സ് . മറക്കാൻ പറ്റാത്ത മനസ്സിൽ സ്വർഗ്ഗമായി തീർന്നോരെൻ സ്നേഹ മഴ . മറക്കാൻ പറ്റാത്ത മനസ്സിൽ സ്വർഗ്ഗമായി തീർന്നോരെൻ സ്നേഹ മഴ . സ്നേഹ മഴ.

# മഴ



നവിൻ പ്രകാശ് ടി.വി
7.C

ചൊരിയുന്നു പെയ്യുന്നു വൻ
 പേമാരി പെയ്യുന്നു.
ഇലകളെ തഴുക്കുന്നു
 ചെടികളെ താഴുകുന്നു
 പുഴകളൊഴുകുന്നു നിൽക്കാതെ
 പുഴകളായ് നിർമ്മിച്ച സംഗീതം.
മെല്ലൊന്നു തഴുകുന്നു.
ഇനിയൊരു നാളെയ്ക്കായി
ചെടികളെ തഴുകുന്ന മഴത്തുള്ളി കാരണം
വെള്ളപ്പൊക്കമായ് മാറിടുന്നു
 ഒരു കുളിർ തെന്നലായി തഴുകി
 എന്നെ ഉണർത്തവേ
നിൻ മലർ തൊപ്പിൽ കാത്തു നിന്നീടവേ..
പ്രകൃതി കനിഞ്ഞൊരു മഴയ്ക്ക് തായി കാത്തിരിക്കും.
"ഇനി നമുക്കായി .

# വിപത്ത്



ഋത്വിക്ക് സജേഷ്
7C

ഭൂമിതൻ രക്തം ജലമെന്നറിയുക.
പ്ലാസ്റ്റിക് ഒഴുക്കേണ്ട ഇടമല്ലെന്നോർക്കുക .
ഭൂമിതൻ ശ്വാസം വനമെന്നറിയുക.
ആശ്വാസ നെഞ്ചിലേക്കേറിയല്ലേ പ്ലാസ്റ്റിക്
ആ ജീവനാളത്തെ പ്ലാസ്റ്റിക് കൊല്ലാതെ
നോക്കണേ......

ബുദ്ധിയില്ലാത്തൊരം ദുഷ്ട ജന്മങ്ങൾക്ക്
പ്രാന്തു പിടിക്കയാൽ പിന്നെന്തുചെയ്യുവാൻ
ഭൂമിയാം മാതാവ് നിതക്കായി നൽകിയ
പൊന്നാണ് സ്വത്താണ് മണ്ണെന്നറിയുക .
ആ മണ്ണിൽ വിഷമയമായൊരു
പ്ലാസ്റ്റിക് വേണമോയെന്നതു ഹേ ...
മനുഷ്യാ നീ ചിന്തിച്ചു കൊള്ളുക.

# മഴക്കാലം




അമേയ് ചന്ദ്
5B


നമുക്ക് കാത്തിരുന്നു കാണാം
മഴത്തുള്ളികൾ താഴേക്ക് മുത്തുപോലെ
വീഴുന്നതെങ്ങനെയെന്ന്
നമുക്ക് കാത്തിരുന്നു കാണാം
ഓരോ തുള്ളിയും നമ്മുടെ പ്രകൃതിയെ
സുന്ദരിയാക്കുന്നതെങ്ങനെയെന്ന്
നമുക്ക് കാത്തിരുന്നു കാണാം
മഴക്കാറ്റിൽ ഓരോ ചില്ലകളും പൂക്കളും നൃത്തം
ചെയ്യുന്നതെങ്ങനെയെന്ന്
മഴപെയിത്തിൽ പുതു ജീവൻ
നാമ്പിടുന്നതെങ്ങനെയെന്ന്
നമുക്ക് കാതോർത്തിരിക്കാം മഴയിരമ്പത്തിന്റെ
താളാത്മക ഗീതത്തെ
നമുക്ക് കാത്തിരിക്കാം ഹൃദയം തൊടുന്ന ഓരോ
കുഞ്ഞു തുള്ളികൾക്കായ്..

# തവള രാജാവ്



അനുപം ഗോവിന്ദ്

ഒരിടത്ത് ഒരു കുഞ്ഞ് കുളം ഉണ്ടായിരുന്നു. തവളയെന്ന രാജാവും തവളയായ രാജ്ഞിയും വന്ത്രിയായ വീനും ഭടൻമാരായ ഞണ്ടുകളും ഉണ്ടായിരുന്നു. തവള രാജാവിൻ്റെ ഭരണത്തിൽ ആ കുളത്തിലെ പ്രജകളെല്ലാവരും സുഖദത്തി പടയും സന്തോഷത്തോടയും മായിരുന്നു. ജീവിച്ചത് ആർക്കുമാരോടും ശത്രുതയൊ, ദേഷ്യമോ, ഇല്ലായി-രുന്നു. അവരവർക്കുവേണ്ടുന്ന ഭക്ഷണം കൊട്ടാരത്തിൽ നിന്നും എത്തിച്ചുനൽതിയിരുന്നു. പ്രജകളുടെ ഓരോ കാര്യങ്ങളും സാധിച്ച് കൊടുക്കുവായിരുന്നു. അങ്ങനെ ഒരു ദിവസം കുറച്ച് മീൻകുഞ്ഞുങ്ങളേയും ഞണ്ട് കുഞ്ഞു ആഡും കാണാതായി. അതിനാൽ രാജാവ് ഒരു മീറ്റിംഗ് നടത്താമെന്ന് തീരിമാനിച്ചു. മീറ്റിംഗിൽ മീൻ മന്ത്രി പറഞ്ഞു നമുക്ക് മീൻ കുഞ്ഞുങ്ങളും ഞണ്ട് കുഞ്ഞുങ്ങളും കാണാതാവുന്നതിന് ഒരു പരിഹാരം കണ്ട് പിടിക്കണം. ഇല്ലെങ്കിൽ നമ്മുടെ തലമുറയാണ് നഷ്ട്ടാകുന്നതാണ്. അങ്ങനെ തവള രാജാവ് പരിഹാരം കണ്ടെത്തി. ഒരു ദിവസം ഒരു മീൻ കുഞ്ഞിനോയും ഞണ്ട് കുഞ്ഞിനേയും കുളത്തിന്റെ മുഖ ളിലേക്ക് അയച്ചു. അപ്പോൾ ഒരു കൊക്ക് വന്നു.വേഗം തന്നെ ഭടൻമാർ



മീൻ കുഞ്ഞിനേയും ഞണ്ട് കുഞ്ഞിനേയും രക്ഷിച്ചു. അങ്ങനെ കൊക്കിടെ കൊല്ലാൻ വേണ്ടി രാജാവ് മുകളിലുള്ള മാളത്തിലുള്ള നീർക്കോലിയെ വിളിച്ചു. നീർക്കോലി പരുന്തിനെ വിളിച്ചു ഒരു ദിവസം ഇവരൊക്കെക്കൂടി കൊക്കിനെ പിടിച്ചു. പക്ഷെ കൊന്നില്ല. ഇനിയിങ്ങനെ ചെയ്യരുതെന്ന് പറഞ്ഞു. എല്ലാവരും ചേർന്ന് കൊക്കിനെ രാജാവിൻ്റെ മുന്നിലെത്തിച്ചു. തന്റെ രാജ്യത്തെ കുട്ടികളെ ദ്രോഹിച്ച കൊക്കിനെ തുറങ്കിലടക്കാൻ രാജാവ് കൽപ്പിച്ചു. പിന്നീടുള്ള ആ കുളത്തിലെ മീൻകുഞ്ഞുങ്ങളും കാലം ഞണ്ട്ക്കുഞ്ഞുകളും സുരക്ഷി തയരായി സന്തോഷത്തോടെ ജീവിച്ചു.

# കാട്ടിലെ മൃഗങ്ങളുടെ ജീവിതം



അർജുൻ എം
4B

മലരണി കാട്ടിൽ കട്ട സുഹൃത്തുക്കളായ കൊമ്പനാനയും ചിണ്ടു മുയലുമുണ്ടായിരുന്നു. അവർ ഒരു കല്ല്യാണത്തിനു ചമഞ്ഞൊരുങ്ങി ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഒരു ജീപ്പിൽ കുറയെ ആൾക്കാർ വരുന്നു. രണ്ടുപേർക്കും നല്ല പേടി തോന്നി. കൊമ്പൻ മരച്ചില്ലകളുടെ ഇടയിലൂടെ നോക്കി കൈയിൽ തോക്കും കത്തിയും അ വേട്ടക്കാർ കൈയിൽ കരുതിയിരുന്നു. അപ്പോഴാണ് ഒരു വേട്ടക്കാരൻ അവരുടെ മുന്നിലേക്ക് തുള്ളിയത് . ചാടി വന്ന് രണ്ടു പേരും പരിഭ്രാന്തനായി പെട്ടെന്ന് കൊൻ-ഒരു ബുദ്ധികിട്ടി അരികെയുണ്ടായ അരുവിയിൽ നിന്ന് തൻ്റെ തുമ്പിക്കൈയിൽ വെള്ളം നിറച്ച് വേട്ടക്കാരന്റെ ദേഹത്തേക്ക് വെള്ളം തെർപ്പിച്ചു. വേട്ടക്കാരൻ തെറിച്ചുപോയി അവർ നടക്കാൻ തുടങ്ങി.നടന്ന് നടന്ന് ഏതോരു കാട്ടിൽ എത്തി.ഒരു കരയുന്ന ശബ്ദം ചിഞ്ഞു കേട്ടു അവർ അതിൻ്റെ



അടുത്തേക്കു പോയി. അപ്പോഴാണ് ഒരു പാമ്പ് ഒരു അമ്മക്കിളിയുിടെ കുഞ്ഞിക്കിളികളെ ഭക്ഷിക്കാൻ പോയുന്നത്. കൊമ്പിന് ഇത് കണ്ട് സഹിക്കാൻ കഴിഞ്ഞി ല്ല. കൊമ്പൻ ഉച്ചത്തിൽ ചിഹനം വിളിച്ചു.ആ ചിഹനം വിളിക്കി കേൾക്കാൻ കഴിയാണ പാമ്പ് ഓടിപ്പോയി. കുഞ്ഞിക്കിളി അപ രോട് നന്ദി പറഞ്ഞു. ചിണ്ടുമു അമ്മക്കിളി നമ്മൾക്കൊരു സഹായം ചെയ്ത്തരാമോ. എന്തു സഹായം. ഞങ്ങളെ തിരിച്ച് മലരണി കാട്ടിൽ എത്തിക്കണം. പിന്നെന്താ എൻ്റെ കൂടെ വ്രൂ. അവർ രണ്ടുപേരും കുറേ കാഴ്ച്ചകൾ കണ്ട് കാട്ടിൽ എത്തി കൊമ്പനും വിണ്ടുവും ത അമ്മക്കിളിയോട് നന്ദി പറഞ്ഞു.

# കുഞ്ഞു മനസ്സിൽ കള്ളമില്ല



അൻവയ അനൂപ്
4B

"മോനു ചായ കുടിക്ക് അല്ലെങ്കിൽ സ്കൂളിൽ നിന്നും വിശക്കും" "അമ്മോ എനിക്ക് വേണ്ട" "അതാ വണ്ടി വന്നു വേഗം പോകു" അങ്ങനെ മോനെ സ്കൂളിൽ പോയി. ഷോ വിശക്കുന്നല്ലോ അമ്മ പറഞ്ഞത് കേൾക്കാമായിരുന്നു അങ്ങനെ മൂന്നു വിശപ്പു കാരണം ക്ലാസ്സിൽ ഉറങ്ങിപ്പോയി. അതുകൊണ്ടാ ക്ലാസ് ടീച്ചർ ചോദിച്ചു എന്തിനാ മോനെ ഉറങ്ങുന്നത് എഴുന്നേൽക്ക് ടീച്ചർ എനിക്ക് വിശക്കുന്നു. അതെന്താ അങ്ങനെ രാവിലെ ചായ കുടിച്ചില്ല കുടിച്ചിരുന്നു കുറച്ച് അങ്ങനെ ക്ലാസ് ടീച്ചർ ഭക്ഷണത്തെക്കുറിച്ച് എല്ലാ കുട്ടികൾക്ക് ക്ലാസ് എടുത്തു വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയ മോനു അമ്മയോട് പറഞ്ഞു അമ്മയെ എനിക്ക് വിശക്കുന്നു. അമ്മ ഒന്നും മിണ്ടിയില്ല ഇനിയിപ്പോൾ അമ്മ എവിടെയെങ്കിലും പോയതാണോ അത് അമേശപ്പുറത്ത് മുന്തിരി നല്ല വിശപ്പുകാരനും

മോനും മുന്തിരിയെടുത്ത് കഴിച്ചു. അതുകൊണ്ട് അച്ഛൻ ഒന്നുമറിയാത്തതുപോലെ ചോദിച്ചു "ആരാണ് മേശപ്പുറത്തിരുന്ന മുന്തിരിയെടുത്ത് കഴിച്ചത്" അതുകേട്ട് മോനുവിന് പേടിയായി "ഞാനല്ല മിന്നു നീയാണോ" "ഞാനുമെല്ല" മോനുവിന്റെ കള്ളച്ചിരി മുഖത്ത് മെല്ലെ തെളിഞ്ഞു അച്ഛൻ വിചാരിച്ചു അവനെ അങ്ങനെ വിട്ടാൽ പോരല്ലോ എന്തെങ്കിലും ഒരു സൂത്രം വേണം "ആ ഒരു സൂത്രം കിട്ടി" ആ മുന്തിരിക്കുള്ള കുരുതിന്നാൽ വയറുവേദന വരും അയ്യോ എനിക്ക് പേടിയാകുന്നു എന്തിനാ മോനെ പേടിക്കുന്നത് ഞാനാ മുന്തിരി കഴിച്ചത് അതെന്താ ആദ്യം പറയാഞ്ഞത് അത് എനിക്ക് പേടിയായിട്ടാ അവൻ കെഞ്ചി കരയല്ലേ അങ്ങനെ പേടിക്കാൻ പാടില്ല എല്ലാം അച്ഛനോട്ടും അമ്മയോട്ടും തുറന്നുപറയണം ഞാൻ പറയാം ഇനി ഒരു കള്ളം പറയില്ല അപ്പോ ഇനി എനിക്ക് വയറു വേദനിക്കുമോ സത്യം പറഞ്ഞതുകൊണ്ട് വേദനിക്കില്ല ട്ടോ

# ശലഭക്കുഞ്ഞുങ്ങൾ



ശ്രീരേഖ ചന്ദ്രൻ

ഇനിയെന്റെ ശലഭകുഞ്ഞുങ്ങളോട്
തിരിച്ചിറങ്ങുമ്പോൾ പറയാൻ മറന്നു വീണ്ടും കാണാൻ
വിധിയുണ്ടെന്നാകിൽ
നമുക്കൊരിക്കൽ കൂടി ചേർന്നിരിക്കാം
പൊട്ടിച്ചിരിക്കാം
കഥകൾ പറയാം
ചൂരലിന്റെ മണമില്ലാത്ത ക്ലാസ്സ് മുറികളെ സ്നേഹം കൊണ്ട്
അടക്കി ഭരിക്കാം
നിങ്ങളെപ്പോഴും നല്ലത് കേൾക്കുക നല്ലത് തെരെഞ്ഞെടുക്കുക
നല്ലതിനെ സൂക്ഷിക്കുക ചുറ്റുമുള്ളതിൽ ഭയപ്പാടോടെ
ജീവിക്കുക
നിങ്ങളെ തന്നെ വിശ്വസിക്കുക
ഈ ലോകം നിങ്ങൾക്കുകൂടി അവകാശപ്പെട്ടതെന്ന
തിരിച്ചറിവുണ്ടാകുക..

# കനൽ വഴികളിൽ നിന്ന്



ശ്രീരേഖ ചന്ദ്രൻ

പ്രതീക്ഷകളും സ്വപ്നങ്ങളും
പാടെ അസ്തമിച്ചു
ഇനിയെന്ത് എന്ന ചോദ്യം
മാത്രം ബാക്കി
കണ്ണു തുറന്ന് പുറത്തേക്ക്
നോക്കാൻ ഭയം
ചുറ്റിലും എനിക്ക് നേരെ
വിരൽ ചൂണ്ടുന്നവർ
അവരടക്കം പറയുന്നത് കേൾക്കാം
ഇതാ... ഇവൾ ആ കുടുംബത്തിലേത്
നാണമില്ലേ പുറത്തിറങ്ങാൻ
തൊലിയുരിഞ്ഞ് ജീവിക്കുവാൻ
നാളത്തെ വാർത്ത ഇന്നലെത്തന്നെ
നാട്ടുമ്പുറത്തെ പെണ്ണുങ്ങൾ
വായകൊണ്ടച്ചടിച്ചു വിട്ടു
അവൾ കിടപ്പു മുറിയിൽ
തൂങ്ങിയിരിക്കുന്നു
അവളുടെ ജാതകം നാലു
പെണ്ണുങ്ങൾ ചേർന്ന്
മാറ്റിയെഴുതി
സമൂഹം അവൾക്ക് വിലക്കേർപ്പെടുത്തി

അവരുടെ വാക്കേറ്റത്താൽ
സ്വയം ജീവിതത്തെ
തളച്ചിട്ടു
കൂടെ നിർത്താം എന്ന്
പറഞ്ഞവരൊക്കെയും
അങ്ങോട്ടുമിങ്ങോട്ടും
ഉന്തി വിട്ടു..
ചിലരുടെ വീട്ടുകളിൽ
അടുക്കളക്കാരിയായി
കാലം കഴിക്കാൻ വിധിക്കപ്പെട്ടു
ആഗ്രഹങ്ങളെ ഉള്ളിലൊതുക്കി
കണ്ണുനീരിനെ അടക്കി വച്ചു
മുഖത്തെപ്പോഴും ആളുകളെ പറ്റിക്കാൻ
ഞാൻ തന്റേടിയാണെന്ന് കാണിക്കാൻ ഒരു
ചെറു ചിരി ഒട്ടിച്ചു വച്ചു
അച്ഛന്റെ കരുതലിൽ
പതിയെ പുറം ലോകം കണ്ടു
സ്വപ്നങ്ങളെ കയ്യെത്തി -
പ്പിടിക്കുവാൻ ഒറ്റയ്ക്ക് പൊരുതി
പോരാട്ടത്തെയും നുണക്കഥകൾ
മെനഞ്ഞ് തുന്നിക്കെട്ടി കാറ്റിൽ
പറത്താൻ നോക്കി
ആളുകളോടും കെട്ടുകഥകളോടും
സന്ധി ചേർന്നില്ല
പരിഹാസങ്ങളെ കൊഞ്ഞണം കുത്തി
കെട്ട കാലത്തിന്റെ
മുറിപ്പാടുകൾ ഇന്നും വേട്ടയാടുന്നുവെങ്കിലും
പതറാതെ മുന്നോട്ട് തന്നെ..

# ദേവുവിന്റെ വിജയം



വൈഷ്ണ.എസ്

.

പണ്ട് പണ്ട് ഒരു കൊച്ചു വീടിൽ ഒരു അയല്ല.കേകളും താമസിച്ചിരുന്നു. ഒരു പാവം പെൺ കുട്ടി–അവളുടെ പേര് ദേവു. അവളുടെ അമ്മ ഒരു അസുഖ ബാധിതയായ അമ്മയായിരുന്നു. അവളുടെ കയ്യിൽ മരുന്നു വാങ്ങാൻ പോലും പൈസയില്ല. അവളുടെ അച്ഛൻ 2 വർഷം മുമ്പ് മരണപ്പെട്ടതാണ്. അവളുടെ അമ്മക്ക് മരുന്നു വാങ്ങാൻ പോയപ്പോൾ ഒരു വാഹനാപകടത്തിയാണ് അച്ഛൻ മരിച്ചത്. ആകെയുണ്ടായിരുന്ന വരുമാനം അച്ഛന്റെ വരുമാനമായിരുന്നു. അച്ഛന്റെ മരണശേഷം എപ്പോഴും ദാരിദ്ര്യമായിരുന്നു. അവൾ രാവിലെ എഴുന്നേറ്റ് വീട്ടിലെ പണിയൊക്കെ തീർത്തിട്ടാണ് സ്കൂളിലേക്ക് പോകുന്നത്. എന്നും വൈകിയാണ് ദേവു സ്കൂളിൽ എത്താറുള്ളത്. ടീച്ചർ എപ്പോഴും വഴക്ക് പറയും. അമ്മയ്ക്ക് മരുന്നുവാങ്ങാൻ പൈസയില്ലാത്തത കൊണ്ട് ദേവു എല്ലാ ജോലിയ്ക്കും പോകും. വീട്ടുജോലിക്കും പപ്പടം വിൽക്കുവാനും ഒക്കെ പോകും

ഒരു ദിവസം അവൾ സ്കൂളിൽ നിന്നും തിരിച്ചു വന്നപ്പോൾ അവിങ്ങടെ കുറേ ആൾക്കൂട്ടം. അവൾ അകത്തേക്ക് പാടിപ്പോയപ്പോൾ അവിടെ വെള്ളത്തുണിയിൽ പൊതിഞ്ഞ അമ്മയുടെ മൃതശരീരം. ദേവു നെഞ്ചു പൊട്ടിക്കരഞ്ഞു ആകെയുണ്ടായിരുന്ന അമ്മയും പോയി. അസുഖം കൂടിയതു കൊണ്ടാണ് അമ്മ മരിച്ചത്. പിന്നീട് അവൾ ജോപ്പിചെയ്യുകയും ഒപ്പം നന്നായി പഠിക്കുകയും ചെയ്യു. കൂട്ടുകാരിൽ പലരും കളിയാക്കി. എന്നാലും അവൾ 10-ാം ക്ലാസിൽ എല്ലാ വിഷയത്തിനും എൾ A+ വാങ്ങി.

അവൾക്ക് സങ്കടവും സന്തോഷവും ഉണ്ടായി. എൻ്റെ അച്ഛനും അമ്മയും ഉണ്ടായിരുന്നെങ്കിൽ അ വർക്ക് എന്ത് സന്തോഷമാദ യേനെ MBBS കുറേ വർഷം കഴിഞ്ഞു. ജോഷി ചെയ്ത പെസയൊക്കെ ശേഖരിച്ചു വച്ചാണ് MBBS പഠിച്ചത്. അതിലും അവൾ വിജയിച്ചു, അങ്ങനെ ഒരു ഡോക്ടർ ആയി. Dr: ദേച്ചു. എല്ലാവരുടെയും മുമ്പിൽ അവർ തലങ്ങുയർത്തി നിന്നു. ഇപ്പോൾ നല്ല വീട്ടും കാറും ഒക്കെ വാങ്ങി അസന്തോഷത്താ ടെ ജീവിക്കുന്നു.

# സ്വപ്ന മഴ



ആരാധ്യ കെ

.

എത്ര നാളുകൾ
എത്ര നാളായ് ഞാൻ കാത്തിരുന്ന സ്വപ്നം.
അതാ എൻ സ്വപ്നം വരികയായ് കാറ്റായ്.....
ഇടിയായ് മിന്നലായ്. എൻ സ്വപ്നം വരികയായ്
മഴ അതായിരുന്നു എൻ സ്വപ്നം
വറ്റി വരണ്ട നാളുകളിൽ ഒരു മഴയ്ക്കായ്
കാത്തിരുന്ന സ്വപ്നം.
ചുട്ടുപൊള്ളുന്ന ദിവസങ്ങളിൻ
ഒരു തുള്ളി ജലം വേണമെന്നാഗ്രഹിച്ച്
ഞാൻ ഇരുന്നു
നീ ഒന്ന് വന്നപ്പോൾ
ഈ ഭൂമിയെ ഒന്ന് ഉമ്മവച്ചപ്പോൾ
ഈ ലോകമൊന്ന്
കോരിത്തരിച്ചുപോയി നന്ദി....
നീ ഒന്ന് വന്നതിന്
ഈ ഭൂമിയെ ഒന്ന് ഉമ്മവച്ചതിന് നന്ദി
നന്ദി  നന്ദി
നന്ദി നന്ദി

# പ്ലാസ്റ്റിക്



ശ്രീഷ്ണ കെ

എന്ത് സുന്ദരമി കേരളം

നമ്മുടെ നാടിത് മാലിന്യ നാട് ജനങ്ങളാൽ
മാലിന്യമാക്കുന്ന നാടിത്

അറിഞ്ഞും അറിയാതെയം മാലിന്യമാക്കാം നമ്മുടെ
നാടിത് സുന്ദര നാട്

സ്വന്തമെന്നു തോന്നലുണ്ടായാൽ അകറ്റും നാം ഈ
വിപത്തിനെ

പച്ചപ്പരപ്പാൽ ഗ്രാമീണ ഭംഗിയാൽ സുന്ദരമാകേണ്ട നാട്.

ഇപ്പോൾ നായ്ക്കളും, കൊതുകുകളും നിറയും നാട് നാം
തന്നെ ചിന്തിക്കൂ നമ്മുടെ

കേരളം സുന്ദര കേരളം അകറ്റി നിർത്താം
പ്ലാസ്റ്റിക്കിനെ

രോഗത്തിൽ നിന്ന് മുക്തിനേടാം. ഈ ലോകം നമ്മുക്ക്
സുന്ദരമാക്കാം.



*LITTLE KITES BATCH 2024 - 2027*

